# വഴിവെളിച്ചം

## വിശ്വാസിയുടെയും ദുഷ്കർമിയുടെയും ഉപമ

عن عَبْدُ اللّه بْنُ مَسْعُودٍ رضى لله عنه أنّهُ حَدّثَ حَديثِينِ أحَدُهُمَا عَنِ النَّبِيِّ ﷺ وَالآخَرُ عَنْ نَفْسِهِ. قَالَ إنَّ الْمُؤْمِنَ يَرَى ذُنُوبَهُ كَأَنَّهُ قَاعِدٌ تَحْتَ جَبَلٍ يَخَافُ أَنْ يَقَعَ عَلَيْهِ، وَإنَّ الْفَاجِرَ يَرَى ذُنُوبَهُ كَذُبَابٍ مَرَّ عَلَى أَنْفِهِ فَقَالَ بِهِ هَكَذَا

**അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) രണ്ട് ഹദീസുകൾ ഉദ്ധരിച്ചു. ഒന്ന് നബിയിൽനിന്ന്. മറ്റൊന്ന് സ്വന്തം വകയായും. അദ്ദേഹം പറഞ്ഞു: 'ഒരു സത്യവിശ്വാസി അവന്റെ പാപങ്ങളെ കാണുന്നത് അവൻ ഒരു മലയുടെ ചുവട്ടിൽ ഇരിക്കുന്നത് പോലെയാണ്. ആ മല അവന്റെ മേൽ പതിച്ചേക്കുമോ എന്ന് അവൻ ഭയപ്പെടുന്നു. ഒരു ദുഷ്കർമി തന്റെ പാപങ്ങളെ കാണുന്നത്, തന്റെ മൂക്കിന് മുമ്പിലൂടെ ഒരു ഈച്ച പാറിപ്പോകുന്നു എന്ന മട്ടിലാണ് (ഇത് പറഞ്ഞു ഇബ്നു മസ്ഊദ് കൈകൊണ്ട് ഈച്ചയെ ആട്ടി കാണിച്ചു) - ബുഖാരി**

വിശ്വാസിയും അവിശ്വാസിയും പാപം ചെയ്യുന്ന കാര്യത്തിൽ കാണിക്കുന്ന വ്യത്യസ്തമായ നിലപാടുകൾ സോദാഹരണം വിവരിക്കുന്ന ഹദീസാണിത്.

പാപം ചെയ്യാത്ത മനുഷ്യരില്ല. ഭൗതിക സാഹചര്യങ്ങളുടെ സമ്മർദം മനുഷ്യനെ അറിയാതെ തെറ്റുകൾക്ക് വശംവദനാക്കും. തെറ്റും ശരിയും ചെയ്യാനുള്ള സ്വാതന്ത്ര്യമുണ്ട് മനുഷ്യന്. ദുഷ്ചെയ്തികൾക്കും ദുർവിചാരങ്ങൾക്കും എമ്പാടും പ്രേരണകൾ നിലനിൽക്കുന്ന ചുറ്റുപാടിൽ പാപരഹിതമായി ജീവിതം കെട്ടിപ്പടുക്കാനും പാപത്തിന്റെ കറപുരളാതെ സൂക്ഷ്മതയോടെ നടക്കാനും, നല്ല വാക്ക്, നല്ല പ്രവൃത്തി, നല്ല വിചാരം എന്നീ ഗുണങ്ങൾ മുറുകെപിടിച്ച് മുന്നോട്ടുപോകാനും സത്യവിശ്വാസി കൊതിച്ചുകൊണ്ടേയിരിക്കും. പാപത്തോട് മൃദുസമീപനം ഒരിക്കലും കാണിക്കുകയില്ല.

ഏതു നിമിഷവും പൊട്ടിവീഴുന്ന മലയുടെ താഴെ ജീവിക്കുന്നവന്റെ അങ്കലാപ്പും ആശങ്കയും എന്തായിരിക്കുമെന്ന് ഏവർക്കും അറിയാം. പാപം ചെയ്യുകയാണെങ്കിൽ സത്യവിശ്വാസിയുടെ അവസ്ഥയും അതായിരിക്കും. ഏത് കുറ്റവും ചെറുതായാലും വലുതായാലും ആ മനസ്സിന് താങ്ങാനാവുകയില്ല. ഉടനെ പാപഭാരത്തിൽനിന്ന് മുക്തനാകാൻ ശ്രമിക്കും, പടച്ചവനിലേക്ക് മടങ്ങും, മാപ്പിനും പാപമോചനത്തിനും പ്രാർഥിക്കും; ഇതാണ് സത്യവിശ്വാസി. മരിക്കുന്നതിന് മുമ്പ് പശ്ചാത്തപിച്ചു പാപക്കറ കഴുകിക്കളയാൻ കഴിഞ്ഞില്ലെങ്കിൽ വിചാരണ ദിവസം പരാജയം സുനിശ്ചിതമായിരിക്കുമെന്ന ദൃഢവിശ്വാസമാണിതിന് കാരണം.

നേരെ വിപരീതമാണ് ദുഷ്കർമികളുടേത്. എത്ര വലിയ പാപം ചെയ്താലും 'ഓ സാരമില്ല' എന്ന നിസ്സാര ഭാവം. കടലോളം തെറ്റുചെയ്താലും കടുകോളം കുറ്റബോധമില്ലാത്ത കടുത്ത മനസ്സ്. മൂക്കിന് മുമ്പിൽ പാറുന്ന ഈച്ചയെ കൈക്കൊണ്ട് ആട്ടുന്ന ലാഘവത്തോടെ കുറ്റകൃത്യങ്ങളെ കാണുന്നവർ. എല്ലാ വൃത്തികേടുകളും വേണ്ടാത്തരങ്ങളും അടിഞ്ഞുകൂടുന്ന ജീർണിച്ച മനസ്സിന്റെ ഉടമകളാണിവർ. ഈച്ചയെപ്പോലെതാണു തറപറ്റിയ ഒരു ജീവിതം.

തെറ്റും ശരിയും നോക്കാതെ തോന്നിയതുചെയ്യുന്ന മൃഗങ്ങളുടെ സ്വഭാവമാണ് പാപികളുടേത്. ഇഹവും പരവും നഷ്ടപ്പെട്ടവരാണിവർ.

തെറ്റ് ചെയ്യുക, തെറ്റ് മനസ്സിലാക്കുക, പശ്ചാത്തപിക്കുക ഇതാണ് സത്യവിശ്വാസിയുടെ ജീവിതത്തെ വിശുദ്ധവും പാപരഹിതവുമാക്കുന്നത്. അബൂഹുറയ്റ (റ) റിപ്പോർട്ട് ചെയ്യുന്നു: "വിശ്വാസി പാപം ചെയ്യുമ്പോൾ അയാളുടെ ഹൃദയത്തിൽ ഒരു കറുത്തപുള്ളി വീഴുന്നു. അയാൾ വേദനിക്കുകയും ആ തെറ്റ് ചെയ്യാതിരിക്കുകയും പാപമോചനത്തിനപേക്ഷിക്കുകയും ചെയ്യുകിൽ അയാളുടെ ഹൃദയം ശുദ്ധമാകുന്നു" (അഹ്മദ്, ഇബ്നുമാജ). ■

**അബ്ദുൽ ജബ്ബാർ കൂരാരി**